ഉത്തരം

(എ-സി) വകുപ്പുതല നിർദ്ദേശങ്ങളോ സർക്കാർ മാനദണ്ഡങ്ങളോ പാലിക്കാതെ അനധികൃതമായി വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാർ അംഗീകാരമില്ലാതെ സ്വന്തം നിലയിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തിവരുന്നതാകയാൽ ഇപ്രകാരമുള്ള സ്കൂളുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി&ഇ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂളിനും സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. വിദ്യാഭ്യാസ അവകാശ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-5-2015 വരെയും സ്റ്റേറ്റ് സിലബസ് പിൻതുടരുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-12-2014 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷ വിശദമായി പരിശോധിച്ച ശേഷം കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പാഠപുസ്തകങ്ങളുടെ ലഭ്യതയും വിതരണവും

116 (1172) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല സ്കൂളുകളിലും ഇനിയും പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലെ പുസ്തകങ്ങളാണ് ഇതുവരെയും വിതരണം ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതുവരെയും പുസ്തകം വിതരണം ചെയ്തിട്ടില്ലാത്ത സ്കൂളുകളുടെ പേരു വിവരം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഇൻഡന്റ് ചെയ്തപ്രകാരം എല്ലാ സ്കൂളുകളിലും പുസ്തകവിതരണം ചെയ്തതായി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly